റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സ്റ്റാമ്പു ഡ്യൂട്ടി ഇളവുചെയ്തു കൊടുത്തിട്ടില്ല. എസ്റ്റേറ്റു ഡ്യൂട്ടി സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു വരുന്നതേയുള്ളു.

(ബി മുതൽ ജി വരെ) വിവരം ശേഖരിച്ചുവരുന്നുണ്ട്.

ചെക്പോസ്റ്റുകൾ

* 4. [4] ശ്രീ. കെ. പുരുഷോത്തമൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എതെങ്കിലും ഭക്ഷ്യധാന്യ വിനിമയ നിയന്ത്രണ ചെക്പോസ്റ്റുകൾ നിർത്തൽ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) ഉണ്ട്.

(ബി) സംസ്ഥാനത്തിനകത്തെവിടേയും ഭക്ഷ്യധാന്യം കൊണ്ടു പോകുന്നതിനു തടസ്സമായി സ്ഥിതിചെയ്തിരുന്ന എല്ലാ ചെക്പോസ്റ്റുകളും നിരുത്തൽ ചെയ്യാൻ ഉത്തരവു കൊടുത്തിരുന്നു. വിളവെടുപ്പു പൂർത്തിയാകാത്ത തെക്കും വടക്കും വയനാടും താലൂക്കുകൾ ഒഴികെ മറെല്ലാ സ്ഥലങ്ങളിലും ഇത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. വിളവെടുപ്പുകാലത്ത് ആവശ്യമെന്നു തോന്നുന്ന സ്ഥാനങ്ങളിൽ ചെക്പോസ്റ്റുകൾ വീണ്ടും സ്ഥാപിക്കുന്നതിനും നിർദ്ദേശം കൊടുത്തിരുന്നു. സംസ്ഥാനത്തിനകത്ത് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നതിന് കളക്ടർ താഴെ പറയുന്ന ചെക്പോസ്റ്റുകൾ നീക്കം ചെയ്തു.

പാലക്കാട്—18, തൃശൂർ—10, ആലപ്പുഴ—7.

ചെക്പോസ്റ്റുകൾ നീക്കം ചെയ്തതുകൊണ്ട് പൊതുവിൽ അരിവില അൽപ്പസ്വൽപ്പം കുറഞ്ഞിട്ടുണ്ട്. എന്നാൽ പാലക്കാട്ടു ജില്ലയിൽ ഏതാണ്ട് 10 ശതമാനം വില വർദ്ധിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ ഏതാണ്ട് 5 ശതമാനവും വില വർദ്ധിക്കുകയുണ്ടായി.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ടുജില്ലയിൽനിന്നെടുത്ത 18 ചെക്പോസ്റ്റുകൾ എത്ര ദിവസത്തേക്കാണ് എടുത്തത്; ഇപ്പോൾ ചെക്പോസ്റ്റുകൾ വീണ്ടും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: കൊയ്ത്താരംഭിച്ച അന്നുമുതൽ അതായത് 1970 ജനുവരി മുതൽ വീണ്ടും അവിടെ ചെക്പോസ്റ്റുകൾ സ്ഥാപിച്ചിരിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): വെറും 20 ദിവസത്തേക്കുമാത്രം ചെക്പോസ്റ്റുകൾ എടുക്കുകയും വീണ്ടും വയ്ക്കുകയും ചെയ്തത് ചില മൊത്ത കൃഷിക്കാരെ സഹായിക്കാനല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടൻ തന്നെ ഈ പ്രശ്നത്തെപ്പറ്റി ചർച്ചചെയ്തു. എത്രയും വേഗം സാധിക്കണമെന്നു വച്ചുകൊണ്ട് ഉടനെ സ്ഥാപിച്ചതാണ്. കൊയ്ത്തുകാലം ആരംഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോഴും ആവശ്യമെന്നു തോന്നുന്നപക്ഷം വീണ്ടും പുനസ്ഥാപിക്കുമെന്നു പറഞ്ഞിരുന്നു. അതനുസരിച്ചുചെയ്തതാണ്. ഇത് ആരേയും രക്ഷിക്കാൻവേണ്ടിയൊന്നും ചെയ്തിട്ടുള്ളതല്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ചെക്പോസ്റ്റുകളും എടുത്തുകളയാൻ ബഹുമാനപ്പെട്ട മന്ത്രി വളരെയധികം കഠിനാദ്ധ്വാനം ചെയ്തു പരിശ്രമിച്ചു. അതുപോലെ വളരെയധികം കഠിനാദ്ധ്വാനം ചെയ്ത് 20 ദിവസത്തിനകത്ത് ചെക്പോസ്റ്റുകളും വീണ്ടും സ്ഥാപിച്ചു. എന്തിനാണ് ഇത്രയധികം കഠിനാദ്ധ്വാനം ചെയ്തത്?

ശ്രീ. കെ. ടി. ജേക്കബ്: ലെവി എടുക്കണമെന്ന് ഗവൺമെൻറിന് നിർബന്ധമുണ്ട്. അതിനാവശ്യമായ ചെക്പോസ്റ്റുകളും ഒഴിച്ചുള്ളവ മാത്രമാണ്.

ശ്രീമതി. കെ. ആർ. ഗൗരി: ചെക്പോസ്റ്റുകളും എടുക്കുന്നതിനു മുമ്പ് പാലക്കാട്ടു ജില്ലയിലെ ഓപ്പൺ മാർക്കറ്റിൽ അരിവില എന്തായിരുന്നു. രണ്ടാമത് ഏർപ്പെടുത്തുമ്പോൾ പാലക്കാട്ടു ജില്ലയിലെ ഓപ്പൺ മാർക്കറ്റിലെ അരിവില എന്താണ്?

ശ്രീ. കെ. ടി. ജേക്കബ്: കൃത്യമായി പറയാൻ നിവൃത്തിയില്ല. വലിയ വ്യത്യാസമൊന്നുമില്ല എന്നാണ് ഗവൺമെൻറിന് കളക്ടറിൽ നിന്നും ലഭിച്ച റിപ്പോർട്ട്.

ശ്രീമതി കെ. ആർ. ഗൗരി: 95 പൈസ ആയിരുന്നത് 75 പൈസവരെ കൂടി എന്നു പറയുന്നത് യാഥാർത്ഥ്യമാണോ?

ശ്രീ. കെ. ടി. ജേക്കബ്: 75 പൈസ കൂടിയിട്ടില്ല. കളക്ടറിൽ നിന്നു കിട്ടിയ റിപ്പോർട്ടനുസരിച്ച് പരമാവധി 10 ശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ചെക്പോസ്റ്റുകളും മാറിയതിന്റെ ഫലമായി ആകപ്പാടെ അരിയുടെ വില കുറഞ്ഞിട്ടുണ്ടെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: മൊത്തത്തിൽ വില അൽപ്പസ്വൽപ്പമായി കുറഞ്ഞിട്ടുണ്ട്. പ്രത്യേകമായ ചില സ്ഥലങ്ങളിൽ അൽപ്പം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതേപ്പറ്റിയുള്ള സത്യസന്ധമായ വിവരമാണ് സമർപ്പിച്ചത്.

ശ്രീ. സി. കെ. രാജൻ: ചെക്പോസ്റ്റുകളും ഉണ്ടായിരുന്ന സ്ഥലത്ത് രണ്ടാമതും ചെക്പോസ്റ്റുകളും തുടരണമെന്ന് ആരെങ്കിലും ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ചെക്പോസ്റ്റുകളും തുടരണമെന്ന നിവേദനം ഈ ഗവൺമെൻറ് വന്നതിനുശേഷം ലഭിച്ചിട്ടില്ല.

ശ്രീ. പി. രാമലിംഗം: ചെക്പോസ്റ്റുകളും എടുത്തതിനുശേഷം പാലക്കാട്ടു ജില്ലയിൽ അൽപ്പമായി വില വർദ്ധിച്ചു എന്നു പറഞ്ഞു. എന്നാൽ പല സ്ഥലങ്ങളിലും മുമ്പുണ്ടായിരുന്ന വില താണിട്ടുണ്ടെന്നകാര്യം ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. ടി. ജേക്കബ്: വില അൽപ്പസ്വൽപ്പമായി താണിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പല ജില്ലകളിലും വില താണിട്ടുണ്ടെന്നു പറഞ്ഞു. ഓരോ ജില്ലയിലും ചെക്ക്പോസ്റ്റ് നീക്കിയതിനുമുമ്പുള്ള വിലയും ചെക്ക്പോസ്റ്റ് വന്നതിനുശേഷമുള്ള വിലയും തമ്മിൽ എന്തു വ്യത്യാസമുണ്ടെന്നു വ്യക്തമായ കണക്കു വയ്ക്കാൻ കഴിയുമോ?

ശ്രീ. കെ. ടി. ജേക്കബ്: വ്യക്തമായ കണക്കിപ്പോഴം ഇല്ല. മൊത്തമായി 5 മുതൽ 10 ശതമാനംവരെ എല്ലാ സ്ഥലങ്ങളിലും വില താണിട്ടുള്ളതായാണ് റിപ്പോർട്ട്. രണ്ടു സ്ഥലങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 5 മുതൽ 10 ശതമാനംവരെ വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: വില താണിട്ടുണ്ടെന്നുള്ള ഉത്തരം വസ്തുതകളുടെ അടിസ്ഥാനത്തിലുള്ളതല്ലെന്നും വെറും ഊഹാപോഹമാണെന്നും പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഞങ്ങൾക്കു കിട്ടിയിട്ടുള്ള കണക്ക് ഡിസ്ട്രിക്ട് കളക്ടറിൽനിന്നും ഫുഡ്സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരിൽനിന്നുമുള്ള കണക്കാണ്. ആ കണക്കുവച്ചുള്ള വിവരമാണ് സഭയ്ക്ക് തന്നിരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ഉദ്യോഗസ്ഥൻമാർ തന്ന കണക്കു തരണമെന്നാണ് പറഞ്ഞത്. ഓരോ ജില്ലയിലെയും ചെക്ക്പോസ്റ്റ് എടുത്തു കഴിഞ്ഞിട്ടുള്ള വിലയും അതിനുശേഷം ഉണ്ടായ വിലയും തമ്മിൽ ഡിപ്പാർട്ടുമെന്റ് എടുത്ത കണക്കാണ് ചോദിച്ചത്.

ശ്രീ. കെ. ടി. ജേക്കബ്: പ്രത്യേക ചോദ്യമായിട്ടു ചോദിച്ചാൽ ഇതിനെ സംബന്ധിച്ചുള്ള വിവരം തരാം.

ശ്രീ. ഇ. ജോൺജേക്കബ്: ആലപ്പുഴയിൽ 25 ശതമാനത്തോളം അരിവില കുറഞ്ഞിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Mr. Speaker: He has already replied.

Shri C. B. Chandrasekhara Warrier: Is it not supplying information?

ശ്രീ. എം. എം. തോമസ്: ലെവി എടുക്കുന്നതിനുള്ള സൗകര്യത്തിനു വേണ്ടിയിട്ടാണ് ചെക്ക്പോസ്റ്റുകൾ വീണ്ടും ഏർപ്പെടുത്തിയതെന്നു ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞു. ഇതുകൊണ്ട് ലെവി കൂടുതൽ ശേഖരിക്കുവാൻ കഴിയുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇതൊരു പരീക്ഷണമെന്ന നിലയിലാണെന്നു ഗവൺമെന്റു ആ ഉത്തരവിൽത്തന്നെ പറഞ്ഞിരുന്നു. ചെക്ക്പോസ്റ്റുകൾ പാടെ മാറ്റുക എന്നുള്ളതിനെസംബന്ധിച്ചിടത്തോളം ആലോചിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ചെക്ക്പോസ്റ്റുകൾ നീക്കം ചെയ്യുന്നതിനെ സംബന്ധിച്ചും ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചും ഇപ്പോഴെടുത്തിട്ടുള്ള തീരുമാനം അവസാന തീരുമാനമാണോ; ചെക്ക്പോസ്റ്റുകൾ വയ്ക്കുന്നതുകൊണ്ടും ചെക്ക്പോസ്റ്റുകൾ നീക്കം ചെയ്യുന്നതുകൊണ്ടും ഉണ്ടാകുന്ന വിലവർദ്ധനവും വിലക്കുറവും സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ശരിയായ ഒരു അസസ്മെൻറ് നടത്തുകയും അവസാന തീരുമാനം എടുക്കുകയും ചെയ്യുന്നതിന് ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എത്ര കാലത്തിനകം ഉണ്ടാകും?

ശ്രീ. കെ. ടി. ജേക്കബ്: ഇത് ഒരു പരീക്ഷണമെന്നുള്ള നിലയിലാണ്. ഇതിൻറെ അനുഭവത്തിൽനിന്നുണ്ടാകുന്ന പാഠങ്ങൾ വച്ചുകൊണ്ട് അവസാന തീരുമാനമെടുക്കാൻ ഗവൺമെൻറു ശ്രമിക്കും.

ശ്രീ. പി. എം. അബൂബേക്കർ: ചെക്പോസ റുകളുടെ കൈക്കൂലിയുടെ ഒരു കേന്ദ്രമായിത്തീർന്നിട്ടുണ്ടെന്നും ആ കൈക്കൂലിയുടെ ഒരു ഓഹരി ചില പാർട്ടി പ്രമാണികൾക്കും കിട്ടിയിരുന്നവെന്നും കേൾക്കുന്നത് ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: അറിഞ്ഞുകൂടാ.

ശ്രീ. ബി. മാധവൻനായർ: മദിരാശി ഗവൺമെൻറ് ആ സംസ്ഥാനത്തിൽ ഭക്ഷ്യധാന്യവിതരണത്തിലും സംഭരണത്തിലും നിയന്ത്രണം പൂർണ്ണമായി എടുത്തുകളഞ്ഞുവെങ്കിലും കേരളത്തിൻറെ അതൃത്തികളിലുള്ള ചെക്പോസ്റുകൾ നിലനിറുത്തിയിരിക്കുന്നതുമൂലം ചില പ്രയാസങ്ങളുണ്ട്, അതെടുത്തുകളയാൻവേണ്ടി സംസ്ഥാന ഗവൺമെൻറ് മദ്രാസ് ഗവൺമെൻറിനു എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; നടത്താനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ല. എന്നാൽ കന്യാകുമാരി മുതലായ സ്ഥലങ്ങളിൽനിന്നും തിരുവനന്തപുരത്തുള്ള ആളുകൾക്ക് അവിടെ വസ്തുക്കളുള്ളതിൽ നിന്നും നെല്ല് കൊണ്ടുവരാൻ ഉള്ള പ്രയാസങ്ങൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുകയും അതനുസരിച്ച് മദ്രാസ് ഗവൺമെൻറിനെ ആ വിവരം അറിയിക്കുകയും ചെയ്തു.

ശ്രീ. ഇ. ബാലാനന്ദൻ: പാലക്കാട് ജില്ലയിൽ വീണ്ടും ചെക്പോസ്റുകൾ ഏർപ്പെടുത്തിയപ്പോൾ ഇപ്പോഴത്തെ ഭരണകക്ഷിക്ക് എന്തെങ്കിലും കമ്മിഷൻ കിട്ടിയിട്ടുണ്ടോ; അതിന് എന്തെങ്കിലും വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അതിനു ഞാൻ മറുപടി പറയണമോ?

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാടു ജില്ലയിലെ ചെക്പോസ്റുകൾ പിന്നെയും എടുക്കാൻ സാധ്യതയുണ്ടെന്നുള്ള തീരുമാനം ഓവർ ലെവി എടുപ്പിനെ ബാധിക്കുമെന്നു പാലക്കാടു ജില്ലയിലെ ഉദ്യോഗസ്ഥൻമാർ ഗവൺമെൻറിനെ ധരിപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ധരിപ്പിച്ചിട്ടില്ല.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: വയനാടൻ പ്രദേശങ്ങളിൽനിന്നും സംസ്ഥാനത്തിൽനിന്നും വെളിയിലേക്ക് അരി ചോർന്നുപോകുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ശ്രദ്ധയിൽപ്പെട്ടില്ലെങ്കിലും ഇക്കാര്യത്തെപ്പറ്റി ഗവൺമെൻറുതന്നെ ചില മുൻകരുതലുകൾ ഏർപ്പാടു ചെയ്തിട്ടുണ്ട്. ബോർഡറിലെ ചെക്പോസ്റുകളെല്ലാം കുറെക്കൂടി സുരക്ഷിതമാക്കുകയും സുശക്തമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. വയനാടിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

മുദ്രാസ്യ സ്റ്റോറേറിലേക്കോ ഗൈസ്യൂറിലേക്കോ അരി കടത്തുപോകുന്നില്ലെന്ന് ഉള്ളതിനെസംബന്ധിച്ച് ഗവൺമെൻറിന് ഉറപ്പു ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഓവർ ലെവി എടുക്കുന്നത് ഗവൺമെൻറിന്റെ നയത്തിൽപ്പെടുമോ?

ശ്രീ. കെ. ടി. ജേക്കബ്: എത്ര ഓവർ ലെവി കിട്ടിയാലും അതു വാങ്ങിക്കും.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ചെക്പോസ്റ്റുകൾ പിന്നെയും എടുക്കാവുന്ന ഒരു ഗവൺമെൻറിനു എങ്ങനെ ഓവർ ലെവി എടുക്കാൻ കഴിയും?

ശ്രീ. കെ. ടി. ജേക്കബ്: ഓവർ ലെവി എടുക്കുക എന്നു പറഞ്ഞാൽ കൃഷിക്കാർ അതു തരിക, അതനുസരിച്ച് ആവശ്യമായ നടപടികളെടുക്കുക എന്നുള്ളതാണ്. ചെക്പോസ്റ്റുകൾ ഇരിക്കുന്നതും ഇരിക്കാതിരിക്കുന്നതും ഓവർ ലെവിയുമായി വലിയ ബന്ധമുണ്ടെന്നു ഞങ്ങൾ കരുതുന്നില്ല.

ശ്രീ. കെ. എം. മാണി: വിലവർദ്ധനവ് ചെക്പോസ്റ്റുകൾ എടുത്തുകളഞ്ഞതിൻറെശേഷം വീണ്ടും പുനസ്ഥാപിക്കുവാൻ ഗവൺമെൻറു കൈക്കൊണ്ട തീരുമാനത്തിൻറെ ഫലമായിട്ടുള്ളതല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: എന്നു പറയാൻ നിവൃത്തിയില്ല. ആദ്യം പറഞ്ഞ പിരീഡിലുള്ള വില വർദ്ധനവിനെപ്പറ്റിയാണ് പറഞ്ഞിട്ടുള്ളത്. രണ്ടാമത് ഏർപ്പെടുത്തിയശേഷം ഉള്ള വിലനിലവാരത്തെസംബന്ധിച്ച വിവരം ലഭിച്ചിട്ടില്ല.

മിച്ചഭൂമി കൈയേറ്റം

* 5. [5] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികളിൽ നിന്നും, ഗവൺമെൻറിൽനിന്നും മിച്ചഭൂമി കൈയേറി പിടിച്ചെടുത്തു വിതരണം ചെയ്യുവാൻ മാർക്സിസ്റ്റു പാർട്ടിയുടെ ആലപ്പുഴ കർഷക സമ്മേളനം തീരുമാനമെടുത്തതും, ഇതു സംബന്ധമായ ശ്രീ. എ. കെ. ഗോപാലൻറെ പ്രസ്താവനയും ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ ഗവൺമെൻറ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഉണ്ട്.

(ബി) ഭൂപരിഷ്കരണഭേദഗതിബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിക്കാതെ ഏകപക്ഷീയമായി അവകാശം സ്ഥാപിക്കുവാൻ നടത്തുന്ന ശ്രമങ്ങളെ തടയുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനും നിർദ്ദേശം ജില്ലാകളക്ടർമാർക്കും പോലീസ് ഐ.ജി.ക്കും നൽകിയിട്ടുണ്ട്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനമനുസരിച്ച് ഇതുവരെയായി എത്ര ഏക്കർ ഗവൺമെൻറു

LIBRARY ARCHIVES Kerala Legislative Assembly